*Week -1*

# Weekly Devotions-February :2016

## Awareness of Sin- (പാപത്തെ അറിയുക)

ഫെബ്രുവരി ‘4’ ലോക കാൻസർ ദിനമായി കണക്കാക്കുന്നതിന് ‘UICC’ (Union for international Cancer Control) തീരുമാനം എടുത്തിരുന്നു. ഈ തീരുമാനം കൈക്കൊണ്ടതിന്റെ ആത്യന്തിക ലക്ഷ്യം തന്നെ, ‘2020’ ആകുമ്പോഴേക്കും ഈ രോഗം മൂലമുണ്ടാകുന്ന മരണസംഖ്യ പരമാവധി കുറയ്ക്കുക എന്നുള്ളതാണ്. അനേക കുടുംബങ്ങളെ തകർക്കുന്ന ഈ മാരകരോഗത്തെ അതിജീവിപ്പാൻ നാല് പ്രധാന കാര്യങ്ങൾ ശ്രദ്ധിക്കുന്നത് നല്ലതാണ്.




**(1) ആരോഗ്യമുള്ള ജീവിതം നയിപ്പാൻ ആഗ്രഹമുണ്ടാകുക**

ദൈവം തന്ന ശരീരം ആരോഗ്യമുള്ളതായി സൂക്ഷിക്കുക നമ്മുടെ ഉത്തരവാദിത്തമാണ്. രോഗകാരണമായ വസ്തുക്കളുടെ (ലഹരിമരുന്ന്, പുകവലി, മദ്യപാനം, മുതലായവ) മുന്നറിയിപ്പുകൾ ലഭിക്കുമ്പോൾ അനുസരിക്കുകയാണ് ഏറ്റവും ആവശ്യം.

(2) രോഗ നിർണ്ണയം നടത്തുക




രോഗനിർണ്ണയത്തിനുള്ള പ്രാഥമിക നടപടികൾ പല മാധ്യമങ്ങളിൽ കൂടിയും ജനത്തെ അറിയിക്കുന്നുണ്ട്. ശരീരത്തെക്കുറിച്ച് ശ്രദ്ധയുള്ളവർ കാലതാമസം വരുത്തതെ ശ്രദ്ധിക്കുന്നു.

**(3) പരിഹാരമാർഗ്ഗം സ്വീകരിക്കണം**

രോഗലക്ഷണം കണ്ടെത്തിയാൽ, പരിഹാരത്തിന് എത്തേണ്ടിടത്ത് എത്തുവാൻ മറക്കരുത്.

**(4) സ്വയം ജീവിതത്തെ നശിപ്പിക്കരുത്.**

ദുശ്ശീലങ്ങൾ ഒഴിവാക്കി, നല്ല ശീലങ്ങൾ സ്വീകരിച്ച് ചിട്ടയോടെ ജീവിക്കുന്നവർക്ക് ഉയർച്ച ഉണ്ടാകുന്നു. മറ്റുള്ളവരുടെ ജീവിതത്തെയും ഔന്നിത്യത്തിലേക്ക് നയിക്കുവാൻ സഹായിച്ചാൽ സമൂഹത്തിനും മാറ്റം ഉണ്ടാകുന്നു.

കാൻസർ പോലെയാണ് പാപജീവിതവും മനുഷ്യനെ തകർക്കുന്നത്. അസൂയയോ അസ്ഥികൾക്ക് ദ്രവത്വം എന്ന് സദൃ:(14:30) ൽ കാണുന്നു. അസൂയ എന്ന രോഗം നമ്മിൽ തുടങ്ങുന്നത് മറ്റുള്ളവരുടെ നന്മ കണ്ണിന് പിടിക്കാതെ വരുമ്പോഴാണ്. എന്നാൽ അതിനു പകരം മറ്റുള്ളവരുടെ നന്മയിൽ സന്തോഷിച്ചാൽ ശാന്തമനസ്സുള്ളവരായിത്തീരുകയും, മാനസീക സന്തോഷം ലഭിക്കുകയും ചെയ്യുന്നു. പാപവഴിയിൽ എത്തുന്നതിന്റെ മറ്റൊരു പ്രധാന കാരണം അഹിതമാർഗ്ഗങ്ങളിലൂടെ സുഖലോലുപരായി ജീവിക്കുവാനുള്ള താല്പര്യമാണ്. ഇവർ യാത്ര ചെയ്യുന്ന വഴി യഹോവ വെറുക്കുന്നു. അതിനാൽ മരണവഴി ഉപേക്ഷിച്ച് ജീവാർത്ഥമായ ശാസന കേട്ട്, അനുസരിക്കുക.

ചിലർ യേശുവിന്റെ അടുക്കൽ കിടക്കമേൽ കിടക്കുന്ന ഒരു പക്ഷവാതക്കാരനെ കൊണ്ടു വന്നു. കൊണ്ടുവന്നവരുടെ വിശ്വാസം കണ്ട് യേശു പറഞ്ഞു “ധൈര്യമായിരിക്ക, നിന്റെ പാപം മോചിച്ച് തന്നിരിക്കുന്നു.”

യേശു പറഞ്ഞതുപോലെ അവൻ കിടക്ക എടുത്ത് വീട്ടിലേക്കു പോയി. (മത്തായി 9:2-8).

പ്രീയരേ ! ആത്മീയ മരണസംഖ്യ കുറയ്ക്കുവാൻ നമുക്ക് കഴിയും. പാപപരിഹാരകനായ യേശുവിന്റെ അടുക്കൽ എത്തുക, രക്ഷിതാവായി സ്വീകരിക്കുക. അവന്റെ വാക്ക് അനുസരിക്കുക. അതിന് ദൈവം കൃപചെയ്യട്ടെ.

## പ്രാർത്ഥന

പ്രീയ യേശുവേ ! പാപം വാതിൽക്കൽ കിടക്കുന്നു അതിന്റെ ആഗ്രഹം നിങ്കലേക്കാകുന്നു എന്ന് അങ്ങ് തന്ന മുന്നറിയിപ്പിനായി സ്തോത്രം.പാപത്തെ കീഴടക്കുവാൻ സഹായിക്കേണമേ. നിന്നോട് ചേർന്ന് നടക്കുവാൻ ഞങ്ങളെ അഭ്യസിപ്പിക്കേണമേ

ആമേൻ


Santhamma Varghese

Website : www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind